# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

## 19.02.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8 മണിക്ക് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.02.2014-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2013-14 വാർഷിക പദ്ധതിയിൽ ഇതുവരെ 2163 കോടി രൂപ ചെലവഴിച്ചു. അതിൽ ഗ്രാമപഞ്ചായത്തുകൾ 1400 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 335 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 250 കോടി രൂപയും മുനിസിപ്പാലിറ്റികൾ 163 കോടി രൂപയും കോർപ്പറേഷനുകൾ 95 കോടി രൂപയുമാണ് ചെലവാക്കിയത്.

ഈ വർഷം ഇതേവരെ ഗ്രാമപഞ്ചായത്തുകൾ 52 ശതമാനവും, ബ്ലോക്ക് പഞ്ചായത്തുകൾ 64 ശതമാനവും, മുനിസിപ്പാലിറ്റികൾ 46 ശതമാനവും കോർപ്പറേഷനുകൾ 36 ശതമാനവുമാണ് ചെലവഴിച്ചത്.

മുൻവർഷം ഇതേ കാലയളവിൽ ഗ്രാമപഞ്ചായത്തുകൾ 23 ശതമാനവും, ബ്ലോക്ക് പഞ്ചായത്തുകൾ 46 ശതമാനവും, മുനിസിപ്പാലിറ്റികൾ 25 ശതമാനവും കോർപ്പറേഷനുകൾ 18 ശതമാനവുമാണ് ചെലവാക്കിയത്.

**2.2** തെരുവുവിളക്കുകളുടെ പരിപാലന ചുമതലയിൽ നിന്ന് കെ.എസ്.ഇ.ബി. പിന്മാറിയതിനെ തുടർന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് യോഗം ചർച്ച ചെയ്തു. പകരം സംവിധാനങ്ങൾ പലതും കൊണ്ടുവന്നെങ്കിലും അവയൊന്നും ഫലപ്രദമായിട്ടില്ലെന്നും യോഗം വിലയിരുത്തി. തെരുവുവിളക്കുകൾ LED യാക്കി മാറ്റുകയും പരിപാലിക്കുകയും ചെയ്യുന്നതുവഴി ഊർജ്ജ പരിപാലനത്തിൽ 50 ശതമാനം വരെ ലാഭിക്കാൻ കഴിയുമെന്ന് യോഗം അഭിപ്രായപ്പെട്ടു. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും LED ലാമ്പുകൾ സ്ഥാപിക്കുന്നതിന് മുന്നോട്ടു വന്ന ESS സെൽ എന്ന സ്ഥാപനവുമായുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണെന്നും നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഊർജ്ജ മേഖലയിലെ ചെലവിൽ 45 കോടി രൂപ വരെ ലഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നതായും വ്യക്തമാക്കപ്പെട്ടു. പദ്ധതി നടപ്പിലാക്കാൻ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളത് 45 മുനിസിപ്പാലിറ്റികളാണ്. ഉയർന്ന വരുമാനമുള്ള ഏകദേശം 200 ഗ്രാമപഞ്ചായത്തുകൾക്കു കൂടി ആദ്യഘട്ടത്തിൽ ഈ പദ്ധതിയിൽ പങ്കാളികളാകാൻ കഴിയുമോ എന്ന് പരിശോധിക്കാൻ യോഗം പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

**2.3** പല തദ്ദേശഭരണ സ്ഥാപനങ്ങളിലും അർഹത മാനദണ്ഡപ്രകാരം പട്ടിക ജാതി-പട്ടികവർഗ കുടുംബങ്ങൾക്ക് ആനുകൂല്യം നൽകാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ പ്രത്യേക ഘടക പദ്ധതി (SCP), പട്ടികവർഗ ഉപപദ്ധതി (TSP) ഫണ്ടുകൾ മിച്ചം വരുന്നതായും, അവ തിരിച്ചടയ്ക്കാൻ അനുമതി

ആവശ്യപ്പെടുന്നതായും കാണുന്നുണ്ട്. എന്നാൽ മറ്റു ചില തദ്ദേശഭരണ സ്ഥാപനങ്ങളിലാകട്ടെ ഈ ഫണ്ടുകൾ കൂടുതലായി ആവശ്യമുള്ളതായും അറിയുന്നു. സെൻസസ് കണക്കുകളെ അടിസ്ഥാനമാക്കി വിഹിതം നിശ്ചയിക്കുന്നതാകയാൽ മിച്ചം വരുന്ന ഫണ്ടുകൾ പൂൾ ചെയ്യുന്നത് സംബന്ധിച്ച് നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. അതിനായി തദ്ദേശസ്വയംഭരണ വകുപ്പ് മുൻകൈ എടുത്ത് ധനകാര്യ വകുപ്പുമായും സംസ്ഥാന ആസൂത്രണ ബോർഡുമായും ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു.

**2.4** പ്രോജക്ട് ഭേദഗതി ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫെബ്രുവരി 15 വരെ സമയം അനുവദിച്ചിരുന്നതാണെങ്കിലും പ്രസ്തുത കാലയളവിനുള്ളിൽ നടത്തിയ ഭേദഗതികളിൽ സംഭവിച്ച നിസ്സാര പിശകുകൾ പോലും വാലിഡേഷനെ ബാധിക്കുന്നതായി പരാതികൾ ഉയർന്നു വന്ന സാഹചര്യത്തിൽ അത്തരം പിശകുകൾ തിരുത്തി വാലിഡേഷൻ പൂർണ്ണമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫെബ്രുവരി 28 വരെ സമയം അനുവദിച്ച് തീരുമാനിച്ചു. ഇത്തരം പിശകുകൾ സംഭവിക്കാതിരിക്കത്തക്ക രീതിയിൽ ഡാറ്റാഎൻട്രി സമയത്തുതന്നെ റിജക്ഷൻ സൂചനകൾ വരുത്തുന്നതിന് സോഫ്ട് വെയർ ഭാവിയിൽ പരിഷ്ക്കരി ക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്നും യോഗം തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 3.1 ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ശുപാർശ (ഫയൽ നം. 77446/ഡി.എ1/13/തസ്വഭവ) തീയതി 19.02.2014

ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ ഉയർന്ന പരിധി 15 ലക്ഷം രൂപയായിരുന്നത് കുറവു ചെയ്യുന്ന നിർദ്ദേശം പഞ്ചായത്ത് അസോസിയേഷൻ തുടങ്ങി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന സംഘടനകളുമായി വിശദമായി ചർച്ച ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ചികിത്സാ ധനസഹായം (ഫയൽ നം. 52962/ഇ.എം.2/13/തസ്വഭവ) തീയതി 19.02.2014

തദ്ദേശസ്വംയഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ചികിത്സാ സഹായത്തിന് CHIAK ന്റെ സ്കീമിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും 2014 ഒക്ടോബർ മുതൽ അംഗങ്ങളാക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 തൂണേരി ബ്ലോക്ക് പഞ്ചായത്ത് (തീയതി 19.02.2014)

തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ പഴയ കെട്ടിടത്തിനു പകരം പുതിയത് നിർമ്മിക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും തുക വകയിരുത്തുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് (തീയതി 19.02.2014)**

അന്യ സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പും, ഹെൽത്ത് കാർഡ് വിതരണം എന്ന പദ്ധതി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കുമളി ഗ്രാമപഞ്ചായത്ത് (തീയതി 19.02.2014)**

അധിക വാഹനം വാങ്ങുന്നതിനുള്ള അപേക്ഷയിന്മേൽ അത്യാവശ്യ സന്ദർഭങ്ങളിൽ വാടകയ്ക്ക് വാഹനം എടുക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു. വാഹന ഉപയോഗം നിരീക്ഷിക്കാനും 6 മാസത്തെ കണുകൾ പരിശോധനാ വിധേയ മാക്കാനും ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പാലക്കാട് ജില്ലാ പഞ്ചായത്ത് (തീയതി 19.02.2014)**

പാലക്കാട് ജില്ലാ പഞ്ചായത്തിലെ കായിക പ്രതിഭകൾക്കുള്ള ക്യാഷ് അവാർഡ് തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 മലപ്പുറം ജില്ലാ പഞ്ചായത്ത് (തീയതി 19.02.2014)**

പൊന്നാനി കോൾ വികസന ഏജൻസിക്ക് ഡെപ്പോസിറ്റ് ചെയ്തതിൽ ചെലവഴിക്കാതെയുള്ള തുകയിൽ നിന്ന് 69 ലക്ഷം രൂപ മഹിളാ കിസാൻ ശാക്തീകരണ യോജനാ വിഹിതമായി അടയ്ക്കുന്നതിനും അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് (തീയതി 19.02.2014)**

പൊതു തീരുമാനം 2.2 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പള്ളിക്കൽ ഗ്രാമപഞ്ചായത്ത് (തീയതി 19.02.2014)**

പൊതുജനങ്ങളിൽ നിന്നും ധനശേഖരം നടത്തുന്നതിന് പ്രത്യേക അനുമതി ആവശ്യമില്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് (തീയതി.19.02.2014)**

സുലേഖ ആപ്ലിക്കേഷനിലെയും സാംഖ്യ ആപ്ലിക്കേഷനിലെയും കണക്കുകളുടെ രേഖപ്പെടുത്തൽ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ധനകാര്യ വകുപ്പുമായി ചർച്ച നടത്തുന്നതിന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ നേരത്തെ ചുമതലപ്പെടുത്തിയത് പ്രകാരം 2014 ഫെബ്രുവരി 20-ന് ട്രഷറി ഡയറക്ടറുമായി ചർച്ച നടത്തുന്നതിനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ഇടുക്കി ജില്ലാ പഞ്ചായത്ത് (തീയതി.19.02.2014)**

RMSA പദ്ധതിയിൽ അപ്ഗ്രേഡ് ചെയ്യുന്ന മൂന്ന് സ്ക്കൂളുകളിലെ കെട്ടിട നിർമ്മാണം സാധാരണ ടെണ്ടർ നടപടിക്രമം പാലിച്ച് നടപ്പാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് (തീയതി.19.02.2014)**

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലുള്ള ഹൈസ്ക്കൂൾ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള സ്ഥാപനം അല്ലാത്തതിനാൽ സ്ഥലം വാങ്ങുന്നതിനുള്ള അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പാട്യം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആയുർവേദ ഔഷധങ്ങൾ വാങ്ങുന്നത് (തീയതി 19.02.2014)**

പാട്യം സോഷ്യൽ സർവീസ് സൊസൈറ്റി നിർമ്മിക്കുന്ന ആയുർവേദ ഔഷധങ്ങൾ വാങ്ങുന്നതിനുള്ള ജില്ലാ പഞ്ചായത്തിന്റെ ആവശ്യം ഔഷധിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ മാത്രമേ മറ്റ് സ്വകാര്യ സഹകരണ ഔഷധ സ്ഥാപനങ്ങളിൽ നിന്നു വാങ്ങാവൂ എന്ന നിബന്ധനയിലാണ് മുൻകാലങ്ങളിൽ അവിടങ്ങളിൽ നിന്നും ഔഷധങ്ങൾ വാങ്ങാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇത്തവണ ആ വ്യവസ്ഥ ഉൾക്കൊള്ളിച്ചതായി കാണുന്നില്ല എന്ന ആക്ഷേപം ഉള്ളതിനാൽ അതുകൂടി പരിശോധിച്ച് ഉത്തരവ് പരിഷ്ക്കരിക്കുന്നതിന് വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 വടകര മുനിസിപ്പാലിറ്റി (തീയതി 19.02.2014)**

പൊതു വിഷയം 2.3 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 പായിപ്പാട് ഗ്രാമപഞ്ചായത്ത് തീയതി (19.02.2014)**

**3.16**

പൊതുവിഷയം 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 എടത്വ ഗ്രാമപഞ്ചായത്ത് (തീയതി 19.02.2014)**

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനോപകരണ വിതരണത്തിന് സബ്സിഡി മാനദണ്ഡപ്രകാരം നിലവിൽ വ്യവസ്ഥയുള്ളതാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 അഴിയൂർ ഗ്രാമപഞ്ചായത്ത് (തീയതി 19.02.2014)**

അഴിയൂർ ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നതിന് മാർഗരേഖപ്രകാരം തീരുമാനം കൈക്കൊള്ളുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 തഴവ ഗ്രാമപഞ്ചായത്ത് (തീയതി 19.02.2014)**

തഴവ ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് കെട്ടിടം ഉത്ഘാടനത്തിനും അനുബന്ധിച്ചുള്ള സെമിനാറിനുമായി ഒരുലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് (തീയതി 19.02.2014)**

അംഗീകൃത ഏജൻസികൾ വഴിഅല്ലാതെ സോളാർ ലാമ്പ് സ്ഥാപിക്കുന്നതു വഴി അർഹമായ സബ്സഡി നഷ്ടപ്പെടുന്നത് സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. മേലിൽ ഇത്തരം പ്രവൃത്തികൾ ചെയ്യരുതെന്ന താക്കീതോടെ അംഗീകരിച്ചു തീരുമാനിച്ചു. ഇനി മുതൽ അംഗീകൃത ഏജൻസി മുഖേന മാത്രമേ ഇത്തരം പ്രവൃത്തികൾ നടപ്പാക്കാവൂ എന്നും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്** (തീയതി 19.02.2014)

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ലഹരി, മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രോജക്ടിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.8350/ഡി.എ2/14/തസ്വഭവ) തീയതി 19.02.2014**

കോതമംഗലം ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഡിവിഷനുകളിലെ എസ്.സി./എസ്.ടി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള ഏജൻസികൾ മുഖേന മാത്രമേ നടപ്പിലാക്കാവൂ എന്നും അതുവഴി സബ്സിഡി ലഭ്യമാക്കുന്നത് ഉറപ്പുവരുത്തണമെന്നുള്ള നിബന്ധനകൾക്ക് വിധേയമായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 7729/ഡി.എ2/14/തസ്വഭവ) തീയതി 19.02.2014**

വയോജന കർമ്മ പരിപാടി, പത്താംതരം സമ്പൂർണ്ണ തുല്യതാ പരിപാടി വനിതാ സ്വയംരക്ഷാ പ്രതിരോധ പരിപാടി എന്നീ വിവിധ പദ്ധതികൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 കാസർഗോഡ് കരുണ സ്പെഷ്യൽ സ്ക്കൂളിന് വാഹനം (ഫയൽ നം. 75161/ഡി.ബി3/12/തസ്വഭവ) തീയതി 19.02.2014**

സ്വകാര്യ സ്ക്കൂളുകൾക്ക് വാഹനം നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 7699/ഡി.ഡി.2/14/തസ്വഭവ) തീയതി 19.02.2014**

സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡി നൽകൽ പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 വാണിയംകുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 903/ഡി.ബി1/14/തസ്വഭവ) (ബഹു. ഒറ്റപ്പാലം എം.എൽ.എ എം. ഹംസ വഴി സമർപ്പിച്ചത്) തീയതി 19.02.2014**

കായിക താരത്തിന് ഭവന നിർമ്മാണ സഹായമായി 15 ലക്ഷം രൂപ നൽകാനുള്ള പദ്ധതി കാബിനറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 ജില്ലാ പഞ്ചായത്ത് കോഴിക്കോട്(ഫയൽ നം.10326/എഫ്.എം2/14/തസ്വഭവ) തീയതി 19.02.2014**

കിഡ്നി പേഷ്യന്റ്സിന് പ്ലാൻ ഫണ്ടിൽ നിന്നും സംഭാവന നൽകാനുള്ള ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (ഫയൽ നം.68067/ഡിബ.1/13/തസ്വഭവ) തീയതി 19.02.2014**

ജനറൽ വിഭാഗങ്ങൾക്കായുള്ള മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി സംബന്ധിച്ച് പരിശീലനം നൽകിയത് ആരാണെന്നും, എത്രപേർക്ക് പരിശീലനം ലഭിച്ചു എന്നും മറ്റുമുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് (ഫയൽ നം.9875/ഡി.ഡി.1/14/തസ്വഭവ) തീയതി 19.02.2014**

ഐ.എ.വൈ. ഭവന പദ്ധതിക്കുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം കൂടി ഗ്രാമപഞ്ചായത്ത് നൽകാൻ അനുവദിക്കണമെന്ന അപേക്ഷ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 കണ്ണൂർ ജില്ലാ പഞ്ചായത്ത് (തീയതി 19.02.2014)**

കണ്ണൂർ ജില്ലാ പഞ്ചായത്ത് ഏഴിമല നാവിക അക്കാദമിക്കായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഫുട്ബോൾ, ബാറ്റ്മിന്റൻ കോർട്ടുകളുടെ നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിന്റെ വനിത ഘടക പദ്ധതിയിൽ നിന്നും 46 ലക്ഷം രൂപ നൽകാൻ അനുമതി നൽകി തീരുമാനിച്ചു. ഈ തുക അടുത്ത വർഷം കോമ്പൻസേറ്റ് ചെയ്യുന്നതിനും നിർദ്ദേശിച്ചു. ഈ വർഷത്തെ വനിത ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളെ സംബന്ധിച്ച റിപ്പോർട്ട് ജില്ലാ പഞ്ചായത്ത് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 ചെറുപുഴ ഗ്രാമപഞ്ചായത്ത് (തീയതി.19.02.2014)**

07.03.2013–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ ഇനം 3.8 പ്രകാരം പഞ്ചായത്തിന്റെ ഫണ്ടും കുടുംബശ്രീയുടെ ധനസഹായവും ചേർത്ത് പരമാവധി സബ്സിഡി നിരക്ക് അധികരിക്കാത്ത വിധത്തിൽ സംയുക്ത പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണെന്നും ഗ്രാമസഭ അംഗീകരിക്കുന്ന ലിസ്റ്റിലെ ഗുണഭോക്താക്കൾക്കു മാത്രമേ ആനുകൂല്യങ്ങൾ നൽകാവൂ എന്നും തീരുമാനിച്ചിട്ടുള്ളത് ബാധകമാണെന്ന് ഗ്രാമപഞ്ചായത്തിനെ അറിയിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 മലപ്പുറം ജില്ലാ പഞ്ചായത്ത് (തീയതി.19.02.2014)**

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ട വിഷയമല്ലാത്തതിനാൽ വകുപ്പുതല തീരുമാനം കൈക്കൊള്ളാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 കുലശേഖരപുരം ഗ്രാമ പഞ്ചായത്ത് (തീയതി.19.02.2014)**

പൊതു വിഷയം 2.3 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് (തീയതി.19.02.2014)**

ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന തുകയെ സംബന്ധിച്ച് താഴെപ്പറയുന്ന വിശദ വിവരങ്ങൾ നൽകാൻ ആവശ്യപ്പെട്ടു.

1) ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ ബാങ്കിൽ തുക സൂക്ഷിക്കാനുണ്ടായ സാഹചര്യം
2) പ്രസ്തുത തുകയിൽ വായ്പയെടുത്ത തുക ഉൾപ്പെടുമോ, ഉണ്ടെങ്കിൽ ആ തുക എന്തുകൊണ്ട് ബാങ്കിൽ തിരിച്ചടച്ചില്ല?
3) സർക്കാരിനുണ്ടായ പലിശ ബാധ്യത എത്രയാണ്?

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് (തീയതി.19.02.2014)**

ഗ്രാമ പഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പാലച്ചുവട്-ചക്കാംകുന്ന് കോളനി റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ തുക വനം വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി പൂർത്തിയാക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 26.02.2014 ന് രാവിലെ 8 AM ന് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***

***(യോഗം രാവലെ 9.15-ന് അവസാനിച്ചു)***